മണ്ഡരി രോഗനിവാരണത്തിന് കീടനാശിനി പ്രയോഗത്തെ സംബന്ധിച്ച് പരീക്ഷണം

69 [4803] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിന്റെ മണ്ഡരി രോഗനിവാരണത്തിന് സംസ്ഥാനത്ത് നടത്തുന്ന കീടനാശിനി പ്രയോഗം ഫലവത്താണെന്ന് തെളിയിക്കുന്ന പരീക്ഷണങ്ങൾ കേരള കാർഷിക സർവ്വകലാശാലയോ, സി.പി.സി.ആർ.ഐ.-യോ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ ഗവേഷണങ്ങൾ നടത്തിയതിന്റെ ഫലങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നടത്തുന്ന കീടനാശിനി പ്രയോഗം മണ്ഡരി രോഗ നിയന്ത്രണത്തിന് ഫലവത്താണെന്നു തെളിയിക്കുന്ന പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) കേരള കാർഷിക സർവ്വകലാശാല മണ്ഡരി കീട നിയന്ത്രണത്തോടനുബന്ധിച്ച് നടത്തിയ ഗവേഷണങ്ങളുടെ ഫലമായി ഫലപ്രദമെന്ന് കണ്ടെത്തിയ താഴെ പറയുന്ന മരുന്നുകൾ മണ്ഡരി കീട നിയന്ത്രണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്:

1. ഡൈക്കോഫോൾ (0.1% വീര്യത്തിൽ)
2. വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം (2% വീര്യത്തിൽ)
3. വെള്ളത്തിൽ അലിയുന്ന ഗന്ധകം (0.4% വീര്യത്തിൽ)
4. വേപ്പ് അടിസ്ഥിത ജൈവ കീടനാശിനിയായ അസാഡി റാക്ടിൽ 1% (0.004% വീര്യത്തിൽ) അസാഡി റാക്ടിൽ മണ്ഡരി കീടബാധയുള്ള തെങ്ങുകളിലെ 2 മുതൽ 6 വരെയുള്ള കുലകളിൽ തളിക്കുന്നതുവഴി മണ്ഡരി കീടബാധ ഫലപ്രദമായി നിയന്ത്രിക്കുവാൻസാധിക്കുമെന്ന് തെളിയിച്ചിട്ടുണ്ട്. നിലവിൽ ഈ കീടനാശിനിയാണ് ഉപയോഗിച്ചു വരുന്നത്. എങ്കിലും സമീകൃത വളപ്രയോഗവും സംയോജിത കീട നിയന്ത്രണവും ഒരുമിച്ച് പ്രാവർത്തികമാക്കിയാൽ മാത്രമെ കീടബാധമൂലം നഷ്ടപ്പെട്ട തെങ്ങിന്റെ ആരോഗ്യം വീണ്ടെടുത്ത് ഉൽപ്പാദനംവർദ്ധിപ്പിക്കുവാൻ സാധിക്കൂ എന്ന് തെളിയിച്ചിട്ടുണ്ട്.

'കുരുമുളക് കൃഷിയുടെ രോഗബാധ'

70 [4804] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കുരുമുളകിന് വ്യാപകമായി ദ്രുതവാട്ടവും പൊള്ളു രോഗവും ബാധിച്ചു കൃഷി നശിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ സ്ഥലത്താണ് രോഗബാധയുണ്ടായത്;

(ബി) രോഗം ബാധിച്ച പ്രദേശങ്ങൾ കൃഷി ശാസ്ത്രജ്ഞർ സന്ദർശനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സന്ദർശനം നടത്തിയത്; എന്നു റിപ്പോർട്ട് സമർപ്പിച്ചു; റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) രോഗം ബാധിച്ച പ്രദേശത്ത് പൂർണ്ണമായ തോതിൽ പ്രതിരോധ പ്രവർത്തനം നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ഉദ്ദേശം 450 ഹെക്ടർ സ്ഥലത്ത് രോഗബാധയുണ്ടായതാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി, സി) ഇടുക്കിയിലെ ജില്ലാതല ഡയഗ്നോസ്റ്റിക് ടീം 29-5-2003-ലും സംസ്ഥാന കൃഷി ഡയറക്ടറേറ്റിലെ ദ്രുതകർമ്മ വിഭാഗം 2003 ജൂലൈ മാസം 10,11 തീയതികളിലും രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ചിട്ടുണ്ട്. കൃഷിശാസ്ത്രജ്ഞർ രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ചു രോഗനിവാരണ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. രോഗബാധയെക്കുറിച്ച് മനസ്സിലാക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായാണ് പ്രസ്തുത സന്ദർശനങ്ങൾ നടത്തിയത്. രോഗബാധിത പ്രദേശങ്ങളിൽ നടത്തിയ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രാഥമിക നടപടി കൃഷിവകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(ഡി) രോഗം ബാധിച്ച പ്രദേശത്ത് അടിയന്തിര സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് 50 ശതമാനം ധനസഹായം നൽകുന്നതിന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ പ്രത്യേകമായി സ്ക്വാഡുകളെ വിന്യസിച്ച് കുരുമുളകിനെ ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചും മരുന്നിന്റെ പ്രയോഗിക രീതിയെക്കുറിച്ചും വ്യാപകമായ പ്രചരണം നടത്തുന്നതിനും ഗുണമേന്മയുള്ളതും രോഗപ്രതിരോധ ശേഷിയുള്ളതുമായ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും ആവശ്യമുള്ളത്ര മരുന്നു ലഭ്യമാക്കുന്നതിനും കൃഷിവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നീർത്തട പദ്ധതിക്ക് ചെലവഴിച്ച തുക

71 [4806] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പഞ്ചായത്തിൽ നീർത്തട പദ്ധതിയിൽ എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം പദ്ധതികൾക്ക് എത്ര പേർക്കാണ് സഹായധനം നൽകിയത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 9-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് സംസ്ഥാനത്ത് നടപ്പിലാക്കിയ ദേശീയ വാട്ടർഷെഡ് വികസന പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി പഞ്ചായത്തിൽ 25,320 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly